**കേരള സർക്കാർ**

നം.63664/ഡിഎ1/ 2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,
തിരുവനന്തപുരം, തീയതി :02.12 2011.

## സർക്കുലർ

വിഷയം:- ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം - നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്

സൂചന :- 24.02.10 - ലെ സ.ഉ(സാധാ)618/2010/തസ്വഭവ

പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പിബിആർ) തയ്യാറാക്കുന്നതിന് 2010-11 വാർഷിക പദ്ധതിയിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നോ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ 70,000/-(എഴുപതിനായിരം) രൂപ വരെ ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരസഭകൾക്ക് അനുമതി നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭൂരിപക്ഷം പഞ്ചായത്തുകളും പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പിബിആർ) നിർമ്മാണത്തിനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുകയുണ്ടായിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുന്നു.

മേൽ സാഹചര്യത്തിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (പിബിആർ) തയ്യാറാക്കൽ ഗ്രാമപഞ്ചായത്ത്/നഗരസഭകൾക്ക് നിർബന്ധിതപ്രവർത്തനമാക്കേണ്ടതാണ്. ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ/നഗരസഭകൾ 2011-12 സാമ്പത്തിക വർഷത്തിൽ (പിബിആർ) തയ്യാറാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കേണ്ടതും ഇക്കാര്യം ജില്ലാ ആസൂത്രണസമിതികൾ ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതി രൂപീകരണത്തിനായി ചെലവഴിക്കാവുന്ന തുക സൂചന ഉത്തരവിൽ നിശ്ചയിച്ചിരുന്ന പരമാവധി 70,000/-(എഴുപതിനായിരം) രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർക്കും

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
} എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനായി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ ഐ കെ എം, തിരുവനന്തപുരം

എസ്.പി.എ.ഒ തിരുവനന്തപുരം

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വ്യവസായവും ഐ.ടി & നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

contd....

ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ